**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 524** | **09-06-2021 - ൽ മറുപടിയ്ക്ക്**

**കവളങ്ങാട് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു.എ.ലത്തീഫ്** | | **Shri K. Radhakrishnan**<br>**(പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ മഞ്ചേരി കവളങ്ങാടി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിനായുള്ള കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയെങ്കിലും ഹോസ്റ്റൽ പ്രവർത്തനമാരംഭിച്ചിട്ടില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. പട്ടികജാതി വികസന വകുപ്പിനു കീഴിൽ 1987-88 കാലഘട്ടത്തിൽ മഞ്ചേരി എൻ.എസ്.എസ് കോളേജ്, മലപ്പുറം ഗവൺമെന്റ് കോളേജ് എന്നീ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ താമസ സൗകര്യം ഉദ്ദേശിച്ച് മഞ്ചേരി മണ്ഡലത്തിലെ കവളങ്ങാട്, ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ പണി കഴിപ്പിച്ചിരുന്നുവെങ്കിലും വിദ്യാർത്ഥികളെ ലഭിക്കാത്ത സാഹചര്യത്തിൽ പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചിരുന്നില്ല. തുടർന്ന് പ്രസ്തുത കെട്ടിടം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മോഡൽ റസിഡൻഷ്യൽ സ്കൂളായി 10 വർഷത്തോളം ഉപയോഗിച്ചിരുന്നുവെങ്കിലും പിന്നീട് പട്ടികവർഗ്ഗ വികസന വകുപ്പിന് മോഡൽ റസിഡൻഷ്യൽ സ്കൂളിനായി പുതിയ കെട്ടിടം പണി കഴിപ്പിച്ച സാഹചര്യത്തിൽ ഹോസ്റ്റൽ കെട്ടിടം ഒഴിയുകയുണ്ടായി. നിലവിൽ ടി കെട്ടിടം ഒരു സർക്കാർ സ്ഥാപനം പ്രവർത്തിപ്പിക്കുവാൻ തക്കവിധത്തിൽ ഉപയോഗ യോഗ്യമല്ലാത്ത അവസ്ഥയിലാണ്. |
| (ബി) | എങ്കിൽ സാമൂഹ്യവിരുദ്ധശല്യവും കെട്ടിടം നശിക്കുന്നതും കണക്കിലെടുത്ത് ആയതു നവീകരിച്ച് എസ്.സി. വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമായ രീതിയിൽ പ്രവർത്തിപ്പിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ? | (ബി) | നവീകരിച്ച് പുനരുപയോഗപ്രദമാക്കാനാകാത്ത വിധം കെട്ടിടത്തിന് ബലക്ഷയം സംഭവിച്ചിട്ടുണ്ട്. എന്നിരുന്നാലും ആയത് നവീകരിച്ച് എസ്.സി. വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമായ രീതിയിൽ പ്രവർത്തിപ്പിക്കുവാൻ സത്വര നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ